# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂക്കോട്ടൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം27/592/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/03/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂക്കോട്ടൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂക്കോട്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം27/592/2021 തീയ്യതി: 30/03/2021

## മലപ്പുറം ജില്ലയിലെ പൂക്കോട്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-10-2019 മുതൽ 02-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സതീഷ് സതീഷ് മാവേലി പുത്തൻവീട് | ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.) | 03-03-2021 | 10-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2021 | 10-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അബ്ദുൾ സത്താർ സി പി, ഓഡിറ്റ് ഓഫീസർ
ശ്രീ അബ്ദുൾ ഗഫൂർ സി, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ മുഹമ്മദ് ഫസലുരഹ്മാൻ എം, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ ബിജേഷ് എ എസ്, ഓഡിറ്റർ
ശ്രീ മൂസ്സ ഇ, അസി. ഓഡിറ്റ് ഓഫീസർ (09.03.21 മുതൽ 10.03.21 വരെ)
ശ്രീ അഷ്റഫ് കെ പി, അസി. ഓഡിറ്റ് ഓഫീസർ (09.03.21 മുതൽ 10.03.21 വരെ)
ശ്രീമതി ജിഷ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ (09.03.21 മുതൽ 10.03.21 വരെ)
ശ്രീ. അമീൻ ഫൈസൽ ടി ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ (09.03.21 മുതൽ 10.03.21 വരെ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സഫിയ മന്നെത്തൊടി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ഷൈലജ കെ | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീ ഷിജുകുമാർ പി | സെക്രട്ടറി | 15-07-2019 | 09-10-2019 |
| ശ്രീമതി അനിത കെ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-10-2019 | 08-12-2019 |
| ശ്രീ ഹുസൈൻ കെ | സെക്രട്ടറി | 09-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷൈലജ കെ | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീ ഷിജുകുമാർ സി | സെക്രട്ടറി | 15-07-2019 | 09-10-2019 |
| ശ്രീമതി അനിത കെ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-10-2019 | 08-12-2019 |
| ശ്രീ ഹുസൈൻ കെ | സെക്രട്ടറി | 09-12-2019 | 31-03-2020 |
| ശ്രീമതി അനിത കെ കെ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി അഞ്ജലി കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ആനിജ് കെ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ബിന്ദു പി | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ. ശുഭ വി | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ, ആയുർവേദം | | |
| ശ്രീ സന്തോഷ് | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശ്രീ വാസുദേവൻ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഫാത്തിമ സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 19-12-2019 |
| ശ്രീമതി പത്മാവതി | ഐ സി ഡി എസ് സൂപ്പർവൈസർ | 20-12-2019 | 31-03-2020 |
| ശ്രീ നിഖിൽ കെ രാജ് | അസി. എഞ്ചിനീയർ | 01-04-2019 | 29-07-2019 |
| ശ്രീമതി വിമല പി പി | അസി. എഞ്ചിനീയർ | 30-07-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കൽ നടപടി ക്രമം -രേഖകൾ ഹാജരാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-2 |
| 3 | ധനകാര്യ വിശകലനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം ഗ്രാന്റ് വിനിയോഗം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-4 |
| 5 | പദ്ധതി രൂപീകരണം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Muhammed Fasalurahman (Asst. Audit Officer, On 13-03-2021)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 21-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: E.Moosa (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Bijesh A S (Auditor, On 14-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Sathar C.P (Audit Officer, On 19-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-03-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 30-03-2021) | 1-10 |
| 11 | വാർഷിക കണക്ക് പരിശോധന -അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 27-03-2021) | 1-11 |
| 12 | കെട്ടിട നിർമ്മാണ ക്രമവത്കരണം സംബന്ധിച്ച്<br>Written By: Bijesh A S (Auditor, On 14-03-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 27-03-2021) | 1-12 |
| 13 | വസ്തു നികുതി നിർണ്ണയം – അപാകതകൾ<br>Written By: Bijesh A S (Auditor, On 14-03-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 27-03-2021) | 1-12-1 |
| 14 | വ്യാപാര ലൈസൻസ് പരിശോധന – അപാകതകൾ<br>Written By: Bijesh A S (Auditor, On 14-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-13 |
| 15 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 12-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-14 |
| 16 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 12-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-15 |
| 17 | | 1-16 |

| | | |
|---|---|---|
| | എസ്.എസ്.എ വിഹിതം - കൈപ്പറ്റ്, തുക വിനിയോഗ വിവരം എന്നിവ ലഭ്യമല്ല<br>Written By: Asharaf.K.P (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | |
| 18 | സ്കൂളുകൾക്ക് പത്രം നൽകിയത് - ചെലവ് രേഖകൾ അപൂർണ്ണം<br>Written By: Asharaf.K.P (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-17 |
| 19 | സഹായ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ സ്ഥാപിക്കൽ - ലക്ഷ്യം കൈവരിച്ചില്ല<br>Written By: Asharaf.K.P (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-18 |
| 20 | തുടർ വിദ്യാഭ്യാസ പദ്ധതി -ചെലവനുബന്ധ രേഖകൾ ലഭ്യമാക്കാൻ തുടർ നടപടികൾ സ്വീകരിച്ചില്ല<br>Written By: Asharaf.K.P (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-19 |
| 21 | പരിരക്ഷ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-20 |
| 22 | പൊതു മരാമത്ത് പ്രവൃത്തികൾ- അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 12-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-21 |
| 23 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 12-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-22 |
| 24 | ഗ്രാമസഭ യോഗ നടപടികൾ - പഞ്ചായത്ത് രാജ് നിയമത്തിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 12-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-23 |
| 25 | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-24 |
| 26 | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-24-1 |
| 27 | മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ (വനിത) എസ്.സി- സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച് തുക നൽകി.<br>Written By: Jisha.K (Senior Grade Auditor, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-25 |
| 28 | ദുരിതാശ്വാസ നിധി രൂപീകരണം- വിവരം അറിയിക്കേണ്ടതാണ്.<br>Written By: Abdul Sathar C.P (Audit Officer, On 19-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-26 |
| 29 | ദുരന്തനിവാരണ പദ്ധതി തയ്യാറാക്കൽ- വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Abdul Sathar C.P (Audit Officer, On 19-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |

| | | |
|---|---|---|
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം-<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ നൽകിയതിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപത്തിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-8 |
| 9 | സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ് തയ്യാറാക്കൽ നടപടി ക്രമം -രേഖകൾ ഹാജരാക്കിയില്ല

1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കേണ്ടതാണ്.4.2.19 ലെ 1ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച താഴെപറയുന്ന രേഖകൾ ഹാജരാക്കിയില്ല

1.വിവിധ സ്ഥാപനങ്ങളിലെ തലവൻമാർ സമർപ്പിക്കേണ്ട Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസൽ

2.പഞ്ചായത്ത് ഓഫീസിന്റെ പ്രൊപ്പോസൽ Annexure 3&4 പ്രകാരം സെക്രട്ടറി തയ്യാറാക്കിയത്

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കില ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത് Annexure 5.1&5.2

4.ബജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതു സംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയതായോ കാണുന്നില്ല.

5.ബഡ്ജറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടില്ല.

സെക്ഷൻ 214(3) പ്രകാരം –ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവുമായിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ് . എന്നാൽ തയ്യാറാക്കിയ ബജറ്റിൽ ഇത്തരത്തിലുള്ള യാതൊരു വിശദീകരണവും ഉൾപ്പെടുത്താതെ തന്നെ മുൻവർഷ വരവിനെക്കാൾ വളരെ അധികം തുക ഉൾപ്പെടുത്തിയിരിക്കുന്നു.

ഏതാനും ഇനങ്ങളിലെ വിവരങ്ങൾ താഴെ നൽകുന്നു

| ഇനം | മുൻ വർഷത്തെ യഥാർത്ഥ വരവ് | ബജറ്റിൽ ഉൾപ്പെടുത്തിയത്. |
|---|---|---|
| തൊഴിൽ നികുതി | 2000000 | 3240000 |
| വാടക | 200000 | 350000 |
| പെർമിറ്റ് ഫീ | 400000 | 800000 |
| ലൈസൻസ് ഫീ | 130000 | 250000 |

ബജറ്റിൽ വരവ് ഇനങ്ങൾ ഉൾപ്പെടുത്തുമ്പോൾ പാലിക്കേണ്ട നിർദേശങ്ങൾ പാലിക്കാതെ വരവ് കണക്കാക്കിയത് മൂലം ഏതാനും വരവിനങ്ങളിൽ പഞ്ചായത്തിന്റെ തൻവർഷ വരവ് തുകകൾ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചതിനെക്കാൾ വളരെ കുറവാണ്

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | യഥാർത്ഥ വരവ് | വ്യത്യാസം(കുറവ് ) |
|---|---|---|---|
| വസ്തു നികുതി | 6000000 | 4268705 | 1731295 |
| തൊഴിൽ നികുതി | 3240000 | 1870680 | 1369320 |
| പെർമിറ്റ് ഫീസ് | 800000 | 181051 | 618949 |
| വാടക | 350000 | 118629 | 231371 |

ബജറ്റ് തയ്യാറാക്കുമ്പോൾ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നിർദേശങ്ങൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.7.2020 | 29.5.2020 |

## 1-3 ധനകാര്യ വിശകലനം

### എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 37983139 |
| ഓഡിറ്റ് വർഷത്തെ വരവ് | 56758838 |
| ആകെ | 94741977 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 49795569 |
| നീക്കിയിരിപ്പ് | 44946408 |
| വരവനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5775 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1874827 |

## 1-4 ഗ്രാന്റ് വിനിയോഗം ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13134875 | 13134875 | 10220115 | | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5796294 | 5796294 | 3809061 | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6148000 | 6148000 | 3001993 | | |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 4496000 | 4496000 | 2410221 | | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 11539845 | 11539845 | 5836669 | | |
| എൻ.ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേഷൻ) | 179835 | 719532 | 899367 | 679396 | 450971 | |
| എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 8082095 | 8082095 | 8082095 | | |
| സമ്പൂർണ്ണ ശുചിത്വം | 1153187 | 133818 | 1287005 | 41569 | 1245436 | |
| എെ.സി.ഡി.എസ് | 1575784 | 2227358 | 3803142 | 1500000 | 2303142 | |

## 1-5 പദ്ധതി രൂപീകരണം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 342 | 89967169 | 134 | 36778372 | 0 | 208 | 40.88 |

പദ്ധതി രൂപീകരണ മാർഗ്ഗരേഖ പാലിച്ചില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ GO(MS)11/2018/ത.സ്വ.ഭ.വ തി.29.01-2018 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷ പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പഞ്ചായത്ത് പ്ലാൻ തയ്യാറാക്കിയത് എന്ന് വ്യക്തമായി.

പതിമൂന്നാം പഞ്ചവത്സര പദ്ധതി, വാർഷിക പദ്ധതികൾ എന്നിവ താഴെ പറയുന്ന നടപടികൾ പാലിച്ചാണ് തയ്യാറാക്കേണ്ടത് എന്നത് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

1).തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം,നിർവ്വഹണം,വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ, നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും ഭരണ സമിതിയെ സഹായിക്കാനുമായി ഒരു ആസൂത്രണ സമിതി രൂപീകരിക്കൽ

2)പ്ലാൻ കോ-ഓർഡിനേറ്ററെ നിശ്ചയിക്കൽ - ഭരണ സമിതി പ്ലാൻ കോ-ഓർഡിനേറ്ററെ നിശ്ചയിച്ച്

തീരുമാനം എടുക്കണം.

3)എല്ലാ വർഷവും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഭരണ സമിതി ഗ്രൂപ്പ് അംഗങ്ങളെ അംഗീകരിക്കുകയും

ചെയർ പേഴ്സണെയും , കൺവീനറെയും നിശ്ചയിക്കുകയും വേണം.

4) വർക്കിംഗ് ഗ്രൂപ്പ് : 10 മുതൽ 15 വരെ അംഗങ്ങൾ , അംഗ സംഖ്യയുടെ 1/3 ആണ് ക്വാറം. ഹാജർ രജിസ്റ്റർ, മിനുട്സ് ബുക്ക്, തീരുമാനം രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ സൂക്ഷിക്കണം.

5) വർക്കിംഗ് ഗ്രൂപ്പുകൾ യോഗങ്ങൾ ചേർന്ന് നിലവിലെ അവസ്ഥാ രേഖ കാലോചിതമായി പരിഷ്കരിക്കേണ്ടതും തദ്ദേശ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതും ശേഷം ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കുക, പദ്ധതി സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും കൂടിയാലോചന നടത്തുക.

6)ഗ്രാമസഭ യോഗം ചേർന്ന് കരട് പ്രൊജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കൽ

കരട് നിർദ്ദേശങ്ങൾ ഗ്രാമസഭ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കേണ്ടതും, ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടെയും വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക

7)വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ തയ്യാറാക്കുക.

8)വികസന സെമിനാർ : വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ ചർച്ച ചെയ്ത് ആവശ്യമായ നിർദേശങ്ങൾ നൽകുക

9)വികസന രേഖ ഭരണ സമിതി അംഗീകരിക്കുക , അടങ്കലും വകയിരുത്തലും തീരുമാനിക്കുക.

10)പ്രൊജക്ട് അന്തിമമാക്കുക.

11) നിർവഹണോദ്യോഗസ്ഥൻ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം നേടുക.

എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ മേൽ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പദ്ധതി തയ്യാറാക്കി വിവിധ പ്രൊജക്ടുകൾക്ക് അംഗീകാരം നേടിയത് എന്ന് വ്യക്തമായി

- 2019-20വർഷത്തിലെ പദ്ധതി തയ്യാറാക്കാനായി 18.12.2018ന് ഒരു തവണമാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത്.
- തീരുമാനം, ഹാജർ എന്നിവ ശരിയായി രേഖപ്പെടുത്തുന്നില്ല. എഴുതിയ മിനുട്സിൽ യോഗ തീരുമാനങ്ങൾ, ചർച്ചയുടെ വിവരങ്ങൾ എന്നിവ ശരിയായി രേഖപ്പെടുത്തിയിട്ടില്ല.(ഉദാ:- ചെറുകിട വ്യവസായം,ദാരിദ്ര്യ ലഘൂകരണം)
- ഏതാനും പ്രൊജക്ട് നിർദേശങ്ങൾ രേഖപ്പെടുത്തിയതല്ലാതെ പ്രൊജക്ട് തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായ യാതൊരു പങ്കും വഹിച്ചതായി കാണുന്നില്ല.
- പ്രൊജക്ട് സംബന്ധിച്ച് പഠനം നടത്തുകയോ ആവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകുകയോ ചെയ്തിട്ടില്ല.

- സ്ഥാപനം നടപ്പാക്കുന്ന പ്രൊജക്ടുകളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണെങ്കിലും പ്രസ്തുത ചുമതലയും നിറവേറ്റിയതായി കാണുന്നില്ല.
- പദ്ധതി സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും കൂടിയാലോചന നടത്തിയതിന്റെ മിനുട്സ് , തീരുമാനങ്ങൾ എന്നിവ ലഭ്യമായില്ല
- 18.12.2018 ന് 19-20 വർഷത്തേക്കുള്ള വികസന സെമിനാർ നടത്തിയിട്ടുണ്ടെങ്കിലും 150 പേർ പങ്കെടുത്ത പ്രസ്തുത സെമിനാറിന്റെ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
- വർക്കിംഗ് ഗ്രൂപ്പുകൾ കൂടിയതിന് ശേഷമാണ് ഗ്രാമസഭ കൂടേണ്ടത് എന്നിരിക്കെ 2019-20 ലെ വാർഷിക പദ്ധതി രൂപീകരണത്തിനായി 2018 നവംബർ മാസത്തിൽ ഗ്രാമസഭ യോഗം ചേർന്നിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ ഡിസംബറിൽ ആകെ ഒരു പ്രാവശ്യം മാത്രമാണ് കൂടിയിട്ടുള്ളത്.

പ്രൊജക്ട് തയ്യാറാക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ

ഉത്തരവാദിത്തം നിറവേറ്റിയിട്ടില്ല എന്ന് വ്യക്തമാണ്.

<u>പദ്ധതിപ്പണം മുഴുവൻ ചെലവഴിച്ചില്ല. തുക ലാപ്സായി</u>

2019-20 ലെ പദ്ധതികൾക്കായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രം നം | ഫണ്ടിനം | ലഭ്യമായ തക (ACR പ്രകാരം) | ചെലവ് (ACR പ്രകാരം) | ചെലവ് ശതമാനം | ലാപ്സായ തുക |
|---|---|---|---|---|---|
| 1 | പ്ളാൻ ഫണ്ട് ജനറൽ | 13134875 | 10220115 | 77.80 | 2914760 |
| 2 | പ്ളാൻ ഫണ്ട് SCP | 5796294 | 3809061 | 65.71 | 1987233 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 11539845 | 5836669 | 50.57 | 5703176 |
| 4 | മെയിന്റനൻസ് ഗ്രാന്റ് R | 6148000 | 3001993 | 48.82 | 3146007 |
| 5 | മെയിന്റനൻസ് ഗ്രാന്റ് NR | 4496000 | 2410221 | 53.60 | 2085779 |
| | ആകെ | 41115014 | 25278059 | 54.17 | 15836955 |

ആകെ 54.17% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.ലഭ്യമായ ഗ്രാന്റുകൾ ആതാത് വർഷം തന്നെ ചെലവഴിക്കുന്നില്ലെങ്കിൽ അത് നഷ്ടപ്പെടുന്ന രീതിയാണ് നിലവിൽ ഉള്ളത്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടിയിരുന്ന ഒരു കോടി അമ്പത്തിയെട്ട് ലക്ഷത്തിൽപരം രൂപയാണ് 2019-20 ൽ നഷ്ടമായത്.സമയക്രമം പാലിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## <u>1-6 തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 179835 | 719532 | 899367 | 679396 | 450971 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 8082095 | 8082095 | 8082095 | 0 |

## <u>1-7 ക്ഷേമ പദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1243200 | 329 |
| വിധവാപെൻഷൻ | 4532400 | 1170 |
| വാർദ്ധക്യകാലപെൻഷൻ | 4817400 | 1411 |
| വികലാംഗപെൻഷൻ | 1556400 | 434 |
| | | |

| | | |
|---|---|---|
| വിവാഹ ധന സഹായം | - | - |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 61200 | 13 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.03.2021 ന് 04:20 Pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഫ്രണ്ട് ഓഫീസിൽ കാഷ് കളക്ഷനായി ഉണ്ടായിരുന്ന രൂപയുടെ ആധികാരികത അപ്പോഴത്തെ ഡേ-ബുക്കിലെ തുകയുമായി ഒത്തു നോക്കി ഉറപ്പു വരുത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

1. 2001 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം അതാത് ദിവസം കാഷ് ബുക്ക് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ കാഷ് ബുക്കിനു പകരം കാഷ് ബുക്ക് സമ്മറിയാണ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നത്. ടി അപാകത പരിഹരിക്കേണ്ടതാണ്.

2. 2001 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 80 പ്രകാരം ആസ്തി രജിസ്റ്ററുകൾ സെക്രട്ടറിയാണ് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത്. എന്നാൽ സെക്രട്ടറിയും, അസിസ്റ്റന്റ് എഞ്ചിനിയറും ഇത്തരത്തിലുള്ള രജിസ്റ്റർ സൂക്ഷിച്ച് കാണുന്നില്ല.

3. 2001 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 65 പ്രകാരമുള്ള വാർഷിക റിപ്പോർട്ട്, ചട്ടത്തിലെ (ഡി) പ്രകാരമുള്ള നടപടികൾ സഹിതം പ്രസിദ്ധീകരിച്ചതായി കാണുന്നില്ല.

4. 2001 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57, 58 എന്നിവ പ്രകാരമുള്ള കാലയളവിന്റെ അവസാനത്തെ നടപടികൾ ക്രമ പ്രകാരം നിർവഹിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/10/2020 To 14/10/2020 | 1/1/2020 To 28/02/2020 | 14/10/2020 |
| എ.ജി ഓഡിറ്റ് | | 1997-98 മുതൽ 2005-06 വരെ | 29/02/2008 |

## 1-11 വാർഷിക കണക്ക് പരിശോധന -അപാകതകൾ

2019-20 വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ

സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

2.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തിയതായി കാണുന്നില്ല.

3.തൊഴിൽ നികുതി (സ്ഥാപനം) DCB തയ്യാറാക്കിയിട്ടില്ല.

4. ലൈസൻസ് രജിസ്റ്റർ പ്രകാരം ഡിമാന്റ് 244400 എന്നാൽ എ.എഫ്.എസ് പ്രകാരം ഡിമാന്റ് തുക 269900 രൂപയാണ്.

5.ലൈസൻസ്,വാടക,തൊഴിൽ നികുതി (ജീവനക്കാർ) ഡെപ്പാസിറ്റ്,മുൻകൂർ എന്നിവയുടെ രജിസ്റ്റർ സംഗ്രഹം തയ്യാറാക്കിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6.താഴെപറയുന്ന ഇനങ്ങളിൽ വാർഷിക ധനകാര്യ പത്രികയും, രജിസ്റ്ററും തമ്മിൽ 31-3-20-ലെ നീക്കിയിരിപ്പിൽ താഴെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

1.Deposit Register

| ഇനം | എ.എഫ്.എസ് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Contractor's EMD | 78558 | 77095 |
| Supplier's Security Deposit | 74691 | 51455 |
| Bidder's EMD | 9000 | 5000 |
| Rent Deposit | 21024 | 21026 |
| Contractor's Retention | 86970 | 28338 |

6.2 താഴെ പറയുന്ന അഡ്വാൻസുകൾ എ.എഫ്.എസിൽ ചേർത്തിട്ടില്ല.

| ഇനം | എ.എഫ്.എസ് പ്രകാരം | രജിസ്റ്റർ പ്രകാരം | റിമാർക്സ് |
|---|---|---|---|
| പ്രീ-മൺസൂൺ ക്ളീനിംഗ് | - | 30000 | - |
| കോവിഡ് 19 | - | 5000 | MO പി.എച്ച്.സിക്ക് നൽകിയത് |

7. എ.എഫ്.എസ് പ്രകാരം മുൻ വർഷങ്ങളിൽ നൽകിയ താഴെ പറയുന്ന ക്രമീകരിക്കാത്ത മുൻകൂറുകൾ 19-20 വർഷത്തേക്ക് ക്യാരി ഓവർ ചെയ്തിട്ടില്ല.

1.Advance To Implementing Deposit With KSEB -2806252

2.Advance To Authorised Agencies – 84840

3.Advance To Implementing Officer -6800

4.Advance To Other – 36838

8. KURDFC ലോൺ 2444419 (B-5)ഉണ്ട്.ആയത് ലോൺ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

9.Investment ആയി 2712789 (B-12)ഉണ്ട്.എന്നാൽ Investment രജിസ്റ്ററിൽ ചേർത്തിട്ടില്ല.

10.ബാങ്ക് ബുക്കുകൾ, റീക്കൺസിലിയേഷൻ പത്രിക എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11. ഡേ ബുക്ക് ദിനേന സാക്ഷ്യപ്പെടുത്തുന്നില്ല.

12.Supplier's Security വരവ് (RP-34) 51500 എന്നാൽ രജിസ്റ്റർ പ്രകാരം 18000

13.Supplier's Security ,ചെലവ് (RP-34) 28264എന്നാൽ റീഫണ്ട് ആയി 18000 മാണ് രേഖപ്പെടുത്തിയിട്ടുള്ളത്

14.Bidder's EMDവരവ് (RP-34) 1500 , എന്നാൽ ആയത് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

15 Contractor's Retentionവരവ് (RP-34) 58632 എന്നാൽ ആയത് രജിസ്റ്ററിൽ ചേർത്തിട്ടില്ല .

16. ടോട്ടൽ സാനിറ്റേഷൻ മുന്നിരിപ്പ്-നീക്കിയിരിപ്പ് എന്നിവ ലെഡ്ജറിലെ തുകകൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

## 1-12 കെട്ടിട നിർമ്മാണ ക്രമവത്കരണം സംബന്ധിച്ച്

ബിൽഡിംഗ് പെർമിറ്റ്/ക്രമവത്കരണ രജിസ്റ്ററുകൾ പ്രകാരം 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ആകെ 136 കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകിയിട്ടുണ്ട്. എന്നാൽ ഇക്കാലയളവിൽ ക്രമവത്കരിച്ചു

നൽകിയ നിർമ്മാണങ്ങളുടെ എണ്ണം 192 ആണ്. അതായത് നിർമ്മാണ പെർമിറ്റുകളേക്കാൾ കൂടുതലാണ് ക്രമവത്കരിച്ചു നൽകിയ നിർമ്മാണങ്ങൾ.

ഇത് സൂചിപ്പിക്കുന്നത് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഭൂരിഭാഗം കെട്ടിടങ്ങളും പഞ്ചായത്തിന്റെ അനുമതി /അറിവ് കൂടാതെ നിർമ്മാണം ആരംഭിക്കുകയോ/പൂർത്തീകരിക്കുകയോ ചെയ്ത ശേഷം ക്രമവൽക്കരിക്കുകയാണ് എന്നാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് തന്നെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കേണ്ടതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 134 പ്രകാരം പെർമിറ്റില്ലാതെ ആരംഭിച്ചതോ പൂർത്തീകരിച്ചതോ ആയ നിർമ്മാണങ്ങളെ ക്രമവത്കരിക്കാനുള്ള അധികാരവും സെക്രട്ടറിക്കുണ്ട്. എന്നാൽ കെട്ടിട നിർമ്മാണത്തിന് മുൻപ് തന്നെ പെർമിറ്റ് നേടുക എന്ന സ്വാഭാവിക നടപടിക്രമം നിലനിൽക്കെ, ക്രമവത്കരണ നടപടികൾ അധികരിക്കുന്നത്, പ്രദേശത്തെ നിർമ്മാണങ്ങൾക്കു മേൽ പഞ്ചായത്തിനു വ്യക്തമായ നിയന്ത്രണമില്ല എന്ന് സൂചിപ്പിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകുന്നതു വഴി നിർമ്മാണങ്ങളെ നിയന്ത്രണത്തിൽ കൊണ്ടുവരാനും അവയിലെ ചട്ട ലംഘനങ്ങളെ പ്രാരംഭ ഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് തിരുത്താനും സാധിക്കും. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ നിർമ്മാണങ്ങളേയും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള നടപടികൾ ഭരണസമിതിയുടെയും, ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നും സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 22/10.03.21-ന് മറുപടി ലഭിച്ചിട്ടില്ല.

## 1-12-1 വസ്തു നികുതി നിർണ്ണയം – അപാകതകൾ

1. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തെ പല ഭാഗങ്ങളാക്കി കുറഞ്ഞ നികുതി ഈടാക്കുന്നു

ഗ്രാമപഞ്ചായത്തിലെ 2019-20 വ്യാപാര ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ചില സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണം 100 ചതുരശ്ര മീറ്ററിൽ അധികരിക്കുന്നുണ്ടെങ്കിലും അവയെ വ്യത്യസ്ത മുറികളാക്കി കുറഞ്ഞ നിരക്കിലുള്ള (100 ച. മീറ്ററിൽ കുറവുള്ള കെട്ടിടത്തിന് ച. മീറ്ററിന് 40/- രൂപ) നികുതിയാണ് ഈടാക്കിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം | കെട്ടിട നമ്പറുകൾ | ആകെ തറവിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഈടാക്കിയ നികുതി നിരക്ക് (ചതുരശ്ര മീറ്ററിന്) |
|---|---|---|---|---|
| 43 | റിയൽ സെറാമിക് ഗാലറി | 18/405A – J | 954 | 40 |
| 53 | ഹാപ്പി സൂപ്പർ മാർക്കറ്റ് | 1/132-139 | 417 | 40 (1/138 നം. മുറിക്ക് മാത്രം ഉയർന്ന നിരക്ക്) |
| 164 | കള്ളിയത്ത് സിറാമിക് സെന്റർ | 18/1A-1l | 340 | 40 |

ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടത്തിന്റെ/മുറികളുടെ തറവിസ്തീർണ്ണം ഒന്നായി പരിഗണിച്ച് ഉയർന്ന നിരക്കിൽ (100 ച. മീറ്ററിൽ കൂടുതലുള്ള കെട്ടിടത്തിന് ച. മീറ്ററിന് 60/- രൂപ) നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. കെട്ടിടങ്ങളെ പല ഭാഗങ്ങളാക്കി നമ്പർ നൽകാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

2. സഞ്ചയ സോഫ്റ്റ്വേറിൽ വസ്തു നികുതി കുറവായി നിർണ്ണയിച്ചു

14/518Aനമ്പറിലുള്ള കെട്ടിടത്തിന് 101.87 ചതുശ്രമീറ്റർ തറവിസ്തീർണ്ണമുണ്ടെങ്കിലും വസ്തുനികുതി കണക്കാക്കുന്ന സഞ്ചയ സോഫ്റ്റ്വേറിൽ '100 ചതുശ്രമീറ്ററിൽ താഴെയുള്ള വാണിജ്യകെട്ടിടം' എന്ന ഉപയോഗക്രമത്തിൽ പെടുത്തി വസ്തു നികുതി കുറവായാണ് (ചതുശ്രമീറ്ററിന് 40/- രൂപ നിരക്കിൽ) നിർണ്ണയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗക്രമം '100 ചതുശ്രമീറ്ററിൽ കൂടുതലുള്ള

വാണിജ്യകെട്ടിടം' എന്നതും അടിസ്ഥാന വസ്തു നികുതി നിരക്ക് ചതുശ്രമീറ്ററിന് 60/- രൂപ എന്നതുമാകുന്നു. കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 24/10.03.21-ന് മറുപടി ലഭിച്ചിട്ടില്ല.

## 1-13 വ്യാപാര ലൈസൻസ് പരിശോധന – അപാകതകൾ

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് വ്യാപാര ലൈസൻസ് നൽകിയതിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1. ലൈസൻസുകൾ പുതുക്കി നൽകുന്നതിന് കാലതാമസം നേരിടുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള സ്ഥാപനങ്ങൾ വ്യാപാര ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിസവത്തിനുള്ളിൽ സമർപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കി നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം | സ്ഥാപനത്തിന്റെ പേര് | അപേക്ഷ നൽകിയ തീയ്യതി | ലൈസൻസ് നൽകിയ തീയ്യതി |
|---|---|---|---|
| 359 | ഒബ്സ സ്റ്റേഷനറി | 24.03.19 | 12.03.20 |
| 354 | ബെസ്റ്റ് ന്യൂജെൻ കാർ സെന്റർ | 27.02.19 | 25.02.20 |
| 353 | ബെറ്റർ ഓട്ടോമൊബൈൽസ് | 29.03.19 | 25.02.20 |
| 350 | ആർ ബി എം എന്റർപ്രൈസ് | 24.03.19 | 11.02.20 |
| 321 | കോട്ടക്കൽ ആര്യവൈദ്യശാല ഡീലർ | 26.02.19 | 02.12.19 |
| 306 | തങ്ങൾസ് ഡെന്റാ കെയർ | 27.02.19 | 11.11.19 |

പട്ടികയിൽ സൂചിപ്പിച്ച പോലെ സ്ഥാപനങ്ങൾക്ക് വളരെ വൈകിയാണ് ലൈസൻസ് പുതുക്കി നൽകുന്നത്. കൂടാതെ രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ ആകെ ലൈസൻസ് നൽകിയ 360 സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഈ സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്.

2. സ്ഥാപനങ്ങളുടെ വിശദാംശങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ്/ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205ഇ വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണ പ്രദേശത്തുള്ള സ്ഥാപനങ്ങളുടെ പേരുകളും, മേൽവിലാസങ്ങളും ഉൾപ്പെടുത്തി ഒരു രജിസ്റ്റർ/ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. വ്യാപാര ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ കാര്യക്ഷമമായ പിരിവിന് സഹായകമാകുന്നതാണ് ഈ രേഖ. എന്നാൽ ഇങ്ങനെയുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

3. പുതിയതായി നൽകുന്ന ലൈസൻസുകൾ പ്രത്യേകമായി രേഖപ്പെടുത്തുന്നില്ല

സ്ഥാപനങ്ങൾക്ക് പുതിയതായി ലൈസൻസ് നൽകുമ്പോൾ ആ വസ്തുത വ്യക്തമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ 2019-20 ലെ വ്യാപാര ലൈസൻസ് രജിസ്റ്ററിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടില്ല. ഇതു കാരണം ലൈസൻസ് പുതിയതായി അനുവദിച്ചതാണോ അല്ലെങ്കിൽ പുതുക്കി നൽകിയതാണോ എന്ന് വ്യകതമാകാത്ത സാഹചര്യമുണ്ട്.

ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 23/10.03.21-ന് മറുപടി ലഭിച്ചിട്ടില്ല.

## 1-14 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 1996 ലെ ബിൽഡിംഗ്

ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.
പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല

2019-20 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തു കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 എസ്.എസ്.എ വിഹിതം - കൈപ്പറ്റ്, തുക വിനിയോഗ വിവരം എന്നിവ ലഭ്യമല്ല

എസ്.എസ്.എ വിഹിതം അടവാക്കുന്നതിനായി പ്രോജക്ട് നമ്പർ 7/20 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 12,00,000 വകയിരുത്തിയിരുന്നു. 27-09-2019 ലെ—191501520337006O7143 നമ്പർ ബിൽ പ്രകാരം മേൽ തുക നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ, എസ്.എസ്.എ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

എന്നാൽ മേൽ വിഹിതം കൈപ്പറ്റിയതിന്റെ രസീത്, തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 10-03-2021 ന് നൽകിയ 17 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ മറുപടി ലഭ്യമാക്കുകയോ തുക വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 12,00,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-17 സ്കൂളുകൾക്ക് പത്രം നൽകിയത് - ചെലവ് രേഖകൾ അപൂർണ്ണം

ഗ്രാമ പഞ്ചായത്തിലെ 13 സ്കൂളുകൾക്ക് പത്രം വിതരണം ചെയ്യുന്നതിനായി തനത് ഫണ്ടിൽ നിന്നും 1,00,000/- രൂപ വകയിരുത്തി തയ്യാറാക്കിയ പ്രോജക്ടാണ് 'സ്കൂളുകൾക്ക് പത്ര വിതരണം'(നമ്പർ 9/20). ചെലവ് രേഖകൾ പരിശോധിച്ചതിൽ പത്രം വിതരണം ചെയ്തതിന് 28-01-2020 -ലെ 2018394 നമ്പർ ചെക്ക് പ്രകാരം 47500/- രൂപ പത്രഏജന്റിന് നൽകിയിട്ടുണ്ടെന്ന് കണ്ടു.

എന്നാൽ ഓരോ പത്രത്തിന്റെയും എത്ര വീതം കോപ്പികൾ ഓരോ മാസവും ലഭിച്ചിട്ടുണ്ടെന്ന, അതാത് സ്കൂൾ ഹെഡ് മാസ്റ്റർമാരുടെ സാക്ഷ്യപത്രം ഇല്ലാതെയാണ് പത്രത്തിന് തുക നൽകിയിട്ടുള്ളത്. മാത്രമല്ല, പത്രത്തിന്റെ ബില്ലും ഫയലിന്റെ കൂടെ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതക്ക് വിശദീകരണം നൽകാനും ആവശ്യമായ രേഖകൾ പരിശോധനക്കായി ഹാജരാക്കാനും ആവശ്യപ്പെട്ട് 10-03-2021 -ന് നൽകിയ 19 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നത് വരെ 47500 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-18 സഹായ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ സ്ഥാപിക്കൽ - ലക്ഷ്യം കൈവരിച്ചില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12-08-2015 -ലെ സ.ഉ(സാധാ)നം.2486/2015/ത.സ്വ.ഭ.വ പ്രകാരം വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയർ ആപ്ലിക്കേഷനായ സഹായ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിനായി അനുമതി നൽകിയിരുന്നു.

പ്ലാൻ ഫണ്ടിൽ നിന്നും 50,000 രൂപ വകയിരുത്തി ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ഗവ: എൽ.പി, യു.പി സ്കൂളുകളിൽ സഹായ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ - 142/20) എന്ന പ്രോജക്ടിൽ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് പ്രോജക്ട് കോപ്പി പരിശോധിച്ചതിൽ നിന്നും വ്യക്തമല്ല.

ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12-11-19 -ലെ IKM/IMPLE(SMS)/3747/2019 നമ്പർ കത്ത് പ്രകാരം വിവര ശേഖരണത്തിന് 3 തരത്തിലുള്ള ഫോർമാറ്റുകൾ പൂരിപ്പിച്ച് ഐ.കെ.എം - ന് നൽകുന്ന മുറക്ക് സ്കൂളിന്റെ പേരിലുള്ള ലോഗിൻ ഐഡിയും പാസ് വേർഡും ജനറേറ്റ് ചെയ്ത് സ്കൂളിന്റെ ഒഫീഷ്യൽ ഇമെയിൽ ഐഡിയിലേക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിക്കുകയും സോഫ്റ്റ് വെയർ മെയിന്റനൻസ് ചാർജ്ജിനത്തിൽ 9440 രൂപയും എസ്.എം.എസ് ചാർജ്ജിനത്തിൽ 13924 രൂപയും ഉൾപ്പെടെ ആകെ 23364 രൂപ അടവാക്കാനാവശ്യപ്പെടുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 20-12-19 -ലെ 19150152033700959889 നമ്പർ ബിൽ പ്രകാരം 23364 രൂപ നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ ഐ.കെ.എം- ന് കൈമാറിയിട്ടുണ്ട്.

ജി.എൽ.പി.എസ് പൂക്കോട്ടൂർ(Old), ജി.എൽ.പി.എസ് പൂക്കോട്ടൂർ(New), ജി. എം. എൽ. പി. എസ് അത്താണിക്കൽ, ജി. എം. എൽ. പി. എസ് പൂക്കോട്ടൂർ, ജി.യു.പി.എസ് മുതിരിപ്പറമ്പ് എന്നീ 5 സ്കൂളുകളിലെ കുട്ടികളുടെ വിവരങ്ങൾ അപ്ലോഡ് ചെയ്തതായി ഫയലിൽ കാണുന്നുണ്ടെങ്കിലും ഐ.കെ.എം - ന്റെ ടെക്നിക്കൽ അസിസ്റ്റന്റുമാർ അതാത് സ്കൂളുകൾക്ക് സോഫ്റ്റ് വെയർ പരിശീലനം നൽകിയതായി ഫയലിലില്ല. സ്കൂളുകളിൽ അതാത് ദിവസങ്ങളിൽ വിദ്യാർത്ഥികളുടെ അറ്റൻൻസ് എടുത്തതിന് ശേഷം, ആബ്സന്റായ കുട്ടികളുടെ വിവരം അവരവരുടെ രക്ഷിതാക്കളുടെ ഫോണിലേക്ക് മെസ്സേജ് അയക്കുന്നതിന് വേണ്ടി തയ്യാറാക്കിയ ഈ സോഫ്റ്റ് വെയർ സ്ഥാപിച്ചതിന് ശേഷം പ്രായോഗിക തലത്തിൽ നടപ്പാക്കി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. ഇത്തരം പ്രോജക്റ്റുകൾ മുതിർന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ നടപ്പാക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യമെന്ന് 10-03-2021 -ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

ഐ.കെ.എമ്മിന്റെ മേൽ നമ്പർ കത്തിൽ ടി പ്രോജക്റ്റിനായി ഐ. കെ. എമ്മിലേക്ക് നൽകുന്ന തുകയുടെ വാർഷിക വരവ് ചെലവ് വിവരങ്ങൾ അടങ്ങുന്ന യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് ആവശ്യപ്പെടുന്ന മുറക്ക് ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാനുമാവശ്യപ്പെട്ട് 10-03-2021 -ന് നൽകിയ 18 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അപാകതകൾക്ക് വിശദീകരണം നൽകുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 23364 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-19 തുടർ വിദ്യാഭ്യാസ പദ്ധതി -ചെലവനുബന്ധ രേഖകൾ ലഭ്യമാക്കാൻ തുടർ നടപടികൾ സ്വീകരിച്ചില്ല

29-01-2018-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 11/2018/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി സാക്ഷരതാമിഷന് പുസ്തകങ്ങൾ വാങ്ങിക്കുന്നതിന് തുക ഒടുക്കാവുന്നതും ആവശ്യമായ ഫീസ് ഒടുക്കുന്നതിന് പ്രോജക്റ്റ് വെക്കാവുന്നതാണ്.

2019-20 -ൽ തനത് ഫണ്ടിൽ നിന്നും 80,000 രൂപ വകയിരുത്തി തുടർ വിദ്യഭ്യാസ പദ്ധതി എന്ന പേരിൽ പ്രോജക്റ്റ് (നമ്പർ- 20/20) തയ്യാറാക്കിയിട്ടുണ്ട്. ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ ഈ പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ, ഈ പ്രോജക്റ്റിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം, ഗുണഭോക്തൃ വിഹിതം, ഒരു ഗുണഭോക്താവിന് വേണ്ടി അടക്കേണ്ടതായി വരുന്ന ആകെ ഫീസ് എന്നിവയൊന്നും പ്രോജക്റ്റ് ഫോറത്തിൽ കാണിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽ പെട്ടു. 10-03-2021 ന് 16 -ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയപ്പോഴാണ് ഇക്കാര്യങ്ങളെല്ലാം ഉൾപ്പെടുന്ന, സാക്ഷരതാമിഷൻ നൽകിയ കത്ത് ലഭ്യമാക്കിയത്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1- 27-03-2020 -ലെ 1636314 നമ്പർ ചെക്ക് പ്രകാരം 72,000 രൂപ സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും തുകയുടെ കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല.

2- തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3- ഗുണഭോക്താക്കളിൽ എത്ര പേർ തുല്യതാ പരീക്ഷ എഴുതി, അതിൽ എത്ര പേർ യോഗ്യത നേടി എന്നത് സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 10-03-2021 -ന് നൽകിയ16 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 72,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-20 പരിരക്ഷ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല

പരിരക്ഷ പദ്ധതിയിൽ ( 19/20) ഉൾപെടുത്തി മരുന്ന് വാങ്ങുന്നതിനായി ബിൽ 2/12.12.2019 പ്രകാരം 347200 രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപറേഷന് (KMCL) നൽകിയിട്ടുണ്ട്. എന്നാൽ 265927 രൂപയുടെ മരുന്ന് മാത്രമാണ് നാളിത് വരെയായി ലഭ്യമായിട്ടുള്ളത്. 81273 രൂപയുടെ മരുന്ന് കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 പൊതു മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

I)പദ്ധതി രൂപീകരണം നടപടികൾ പാലിച്ചിട്ടില്ല.

2019-20 വർഷത്തിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ആകെ ഒരു യോഗം മാത്രമാണ് ചേർന്നത് (18.12.2018 ന് ). അന്നേദിവസം തന്നെ വികസന സെമിനാറും നടത്തിയതായാണ് കാണുന്നത്.

തൻ വർഷം നടപ്പാക്കേണ്ട പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പഠനം നടത്തി ശുപാർശ ചെയ്യുകയും പദ്ധതി നിർദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്യേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് വികസന സെമിനാറിന്റെ അന്ന് ഒരു യോഗം മാത്രം ചേർന്നതായാണ് മിനുട്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നത്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പങ്കാളിത്തമില്ലാതെ പ്രൊജക്ടുകൾ തയ്യാറാക്കിയത് എങ്ങനെയെന്നും , പ്രൊജക്ടുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്ത് എന്നും ഓഡിറ്റിന് വ്യക്തമല്ല.

II) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 167 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 87 പ്രൊജക്ടുകളിലായി ആകെ 19604859 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 191 | ആകെ അടങ്കൽ | 36927173 |
| നടപ്പിലാക്കിയത് | 84 | ചെലവ് | 13541066 |
| ശതമാനം | 43.9% | ചെലവ് ശതമാനം | 36.66% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ്. ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

III.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ഇത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്യുത് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ എന്നത് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി

പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റ് സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കാലാവധി ദീർഘീകരണം നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

<u>കാലാവധി ദീർഘീകരണം (Extension Of Time) & പിഴ</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരൻെറ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.</u>

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 8/9-3-21 ) ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യങ്ങൾ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## <u>1-23 ഗ്രാമസഭ യോഗ നടപടികൾ - പഞ്ചായത്ത് രാജ് നിയമത്തിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.</u>

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗ മിനുട്സുകൾ പരിശോധിച്ചതിൽ കേരള പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരള പഞ്ചായത്ത് രാജ് (ഗ്രാമസഭയുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പല ഗ്രാമസഭ യോഗങ്ങളും നടത്തിയിരിക്കുന്നത് എന്ന് വ്യക്തമായി.

1)ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ,ജില്ലാപഞ്ചായത്ത് അംഗത്തേയും നിമസഭാംഗത്തെയും നിർബന്ധമായും ഗ്രാമസഭയുടെ കൺവീനർ ക്ഷണിക്കേണ്ടതാണ് എന്ന് നിയമത്തിൽ വ്യക്തമായി നിർദേശിക്കുന്നുണ്ട്. [ (സെക്ഷൻ 3(3)]. എന്നാൽ മേൽ നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

2) ഗ്രാമസഭയുടെ ഏതൊരു യോഗത്തിലും ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റോ അഥവാ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് പ്രസിഡന്റോ അവരുടെ രണ്ടുപേരുടെയും അസാന്നിദ്ധ്യത്തിൽ ഗ്രാമസഭയുടെ കൺവീനറോ അദ്ധ്യക്ഷം വഹിക്കേണ്ടതാണ് എന്നാണ് നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്.[(സെക്ഷൻ 3(5)] എന്നാൽ പല യോഗങ്ങളിലും ഇതിന് വിരുദ്ധമായി യോഗം നടത്തിയതായി കാണുന്നു.

3) ആ നിയോജക മണ്ഡലത്തെ സംബന്ധിച്ച മുൻ വർഷത്തെ വികസന പരിപാടികളെയും, നടപ്പ വർഷം ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളെയും അതിനു വേണ്ടി വരുന്ന ചെലവും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻ വർഷത്തെ വാർഷിക കണക്കുകളുടെ സ്റ്റേറ്റ്മെന്റ് , ഭരണ നിർവഹണത്തിന്റെ ഒരു റിപ്പോർട്ട് എന്നിവ ഒരു വർഷത്തിലെ ആദ്യ യോഗത്തിൽ ഗ്രാമസഭ മുമ്പാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്. എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും [(സെക്ഷൻ 3(6)] ഇത്തരത്തിൽ ഒരു റിപ്പോർട്ടും ഗ്രാമസഭ മുമ്പാകെ അവതരിപ്പിച്ചതായി കാണുന്നില്ല.

4) ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും സെക്ഷൻ 3എ യിൽ പരാമർശിക്കുന്നുണ്ട്.

പ്രദേശത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ നിർശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദേശിക്കുകയും ചെയ്യുക. ടാപ്പുകൾ, കിണറുകൾ തെരുവ് വിളക്കുകൾ, തുടങ്ങിയവ എവിടെ സ്ഥാപിക്കമെന്ന് നിർദ്ദേശിക്കുക. സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ , സബ്സിഡി പോലുള്ള ക്ഷേമ സഹായങ്ങൾ കൈപ്പറ്റുന്നവരുടെ അർഹത പരിശോധിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നതാണ്. ഇക്കാര്യങ്ങളൊന്നും ഗ്രാമസഭകളിൽ ചർച്ചചെയ്യതായി കാണുന്നില്ല.

5) മിക്ക ഗ്രാമസഭായോഗങ്ങളിലും യോഗ നടപടിക്രമങ്ങൾ ശരിയായി രേഖപ്പെടുത്തപ്പെടുന്നില്ല.
അപാകതകൾ പരിഹരിച്ച് നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് ഗ്രാമസഭാ യോഗങ്ങൾ നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപറയുന്ന ചെലവുകൾക്കാധാരാമായ വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ നം | ബില്ലിന്റെ വിവരം | വൗച്ചർ നം./ബിൽ നം.തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അറവങ്കര,ആനപ്പാറ അംഗൻവാടി നിർമ്മാണം NREGSന്റെ ടി.എസ്.ബി അക്കൗണ്ടിലേക്ക് നൽകിയത് (പ്രൊജക്ട് നം.211/20) | 14/19-20 തി.4.2.2020 | 400000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി( നം. 7 തി. 9.3.2021)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല .ചെലവ് തുക 400000 രൂപ തടസ്സം ചെയ്യുന്നു.

## 1-24-1 വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | | | | |
|---|---|---|---|---|
| 2 | നാറ്റുവെടി ഭാഗത്ത് വോൾട്ടേജ് ക്ഷാമം | 15/19-20 തി.19.9.2019 | 131963 ധനകാര്യ കമ്മീഷൻ | വിനിയോഗ സാക്ഷ്യപത്രം ഇല്ല |

| | | | |
|---|---|---|---|
| പരിഹരിക്കുന്നതിന് ത്രീ ഫേസ് ലൈൻ സ്ഥാപിക്കൽ (പ്രൊജക്ട് നം.141/20) | | ഗ്രാന്റ് | |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി( നം. 7 തി. 9.3.2021)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല .ചെലവ് തുക 113963 രൂപ തടസ്സം ചെയ്യുന്നു.

## 1-25 മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ (വനിത) എസ്.സി- സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച് തുക നൽകി.

പ്രോജക്ട് : 192/20 മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ (വനിത) എസ് സി

ഫണ്ടിനം : വികസനഫണ്ട് (എസ് സി പി)

പ്രോജക്ട് അംഗീകരിച്ച നമ്പറും തിയ്യതിയും : 2/2018-19/ PKTR/MPM തിയ്യതി 18.12.2018

അടങ്കൽ : 259312

ബിൽ നമ്പർ : 01/2019-20/17.05.2019 ( 79365/-)(Ref:- 191501520318000404442)

സബ്സിഡി മാർഗ്ഗരേഖ സ. ഉ (കൈ) നം. 22/2018/ തസ്വഭവ, തിരുവനന്തപുരം തിയ്യതി 14.02.2018 ഖണ്ഡിക 6.2 ൽ 14 പ്രകാരം മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ പ്രോജക്ട് എസ് സി വിഭാഗത്തിന് 75% സബ്സിഡി നിരക്കിൽ നൽകാവുന്നതാണെന്നും കൂടിന്റെ വില ഉൾപ്പെടെയുള്ള യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 01.03.2018 ലെ മലപ്പുറം ജില്ലാ മൃഗ സംരക്ഷണ ഓഫീസറുടെ സി. 1459/2018 നമ്പർ ഉത്തരവ് പ്രകാരം 24 ആഴ്ചയുള്ള മുട്ടക്കോഴിയുടെ യൂണിറ്റ് കോസ്റ്റ് 350/- രൂപയും 3x25x1.5ft വലിപ്പമുള്ള കൂടിന്റെ യൂണിറ്റ് കോസ്റ്റ് 6600/-രൂപയുമാണ്.

2018-19 വർഷത്തിലെ 127/19 എന്ന പദ്ധതി സ്പിൽ ഓവർ പ്രോജക്ടായി നടപ്പിലാക്കിയതാണ് മേൽ പ്രോജക്ട്. കോഴിവളർത്തലിനായി 24 ആഴ്ച പ്രായമുള്ള (BV 380 ) 10 കോഴികളും 3*2.5*1.5 Ft വലിപ്പമുള്ള ഒരു കൂടും ഗുണഭോക്താക്കൾക്ക് നൽകാനാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തിരുന്നത്. 08.10.2018 ലെ പ്രൊക്യൂർമെന്റ് കമ്മറ്റി യോഗത്തിലെ തീരുമാനം നമ്പർ 2 പ്രകാരം ഏറനാട് അഗ്രോസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ഈ പ്രോജക്റ്റിനായി 07.02.2019 ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും ഒരു സ്ഥാപനം മാത്രം ടെണ്ടർ ക്വാട്ട് ചെയ്തതിനാൽ (Vet02/2018) 25.02.2019 - ന് റീ ടെണ്ടർ (Vet03/2018) ക്ഷണിക്കുകയും പ്രസ്തുത ടെണ്ടറിലും ആദ്യ ടെണ്ടറിൽ പങ്കെടുത്ത Coastal Furniture Industries , Kadalundi എന്ന സ്ഥാപനം മാത്രം ടെണ്ടർ സമർപ്പിക്കുകയും ചെയ്തു.

പ്രോജക്ട് പ്രകാരം 420/- രൂപക്കാണ് 110 മുട്ടക്കോഴികളെ വാങ്ങിയിട്ടുള്ളത്. കൂടാതെ 11 കൂടുകൾ ടാക്സ് അടക്കം 59620/- രൂപക്കാണ് ലഭ്യമായത് . സബ്സിഡി മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന സബ്സിഡി, നൽകിയ സബ്സിഡി എന്നിവയുടെ വിവരം താഴെ ചേർക്കുന്നു. ഗുണഭോക്തൃവിഹിതമിനത്തിൽ 26455/- രൂപ 27.03.2019 ലെ വൗച്ചർ നമ്പർ 21801115 തിയ്യതി 29.03.2019 ആയി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | വില (ടാക്സ് സഹിതം) | നൽകാവുന്ന സബ്സിഡി | നൽകിയ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | കൂട് | 11 | 59620 | 44715 (59620*75%) | 79365 | 5775 |
| 2 | മുട്ടക്കോഴി | 110 | 46200 | 28875 (350*110*75%) | | |
| | | | 105820 | 73590 | 79365 | 5775 |

സബ്സിഡിയിനത്തിൽ അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/10.03.2021) ലഭ്യമാക്കിയ മറുപടിയിൽ കോഴിയും കൂടും ഒറ്റ യൂണിറ്റായി കരുതിയതു പ്രകാരം മൊത്തം യൂണിറ്റിന്റെ (ഒരു കൂട് + 10 കോഴികൾ) വിലയായ 9620/- രൂപയുടെ 75% ആണ് സബ്സിഡി തുകയായി നൽകിയതെന്നാണ് അറിയിച്ചത്. കൂട് ജില്ലാ തല യൂണിറ്റ് കോസ്റ്റിനേക്കാൾ കുറവായി ലഭ്യമായെങ്കിലും കോഴിയുടെ വില (@420) യൂണിറ്റ് കോസ്റ്റിനേക്കാൾ (@350) കൂടുതലായാണ് നൽകിയിരിക്കുന്നത്.

ആയതു പ്രകാരം 110 കോഴികൾ വാങ്ങിയതിനായി 5775/- രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.
വികസന ഫണ്ടി(SCP)നത്തിൽ അധികം ചെലവഴിച്ച 5775/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 ദുരിതാശ്വാസ നിധി രൂപീകരണം- വിവരം അറിയിക്കേണ്ടതാണ്.

2003കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചപ്പോള് ദുരിതാശ്വാസ നിധി രൂപീകരിച്ചതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

(ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് <u>ഓഡിറ്റ് എൻക്വയറി നം.14/9-3-2021</u> നൽകിയിരുന്നു. തെരഞ്ഞെടുപ്പ് ചെലവു നിരീക്ഷണ ചുമതലകൾ കാരണം ഓഡിറ്റ് സമയം വെട്ടിച്ചുരുക്കിയതിനാൽ മറുപടി ലഭിച്ചിട്ടില്ല.)

## 1-27 ദുരന്തനിവാരണ പദ്ധതി തയ്യാറാക്കൽ- വിവരം ലഭ്യമാക്കേണ്ടതാണ്.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ.(കൈ) 14/2020/ ത.സ്വ.ഭവ. നമ്പർ പ്രകാരം ഉത്തരവായിട്ടുമുണ്ട്.

പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. അടിയന്തിര പ്രതികരണ ടീമിന്റെ ( Emergency Response Team) രൂപീകരണം.

2."ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ.

3. ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും.

4. ദുരന്തനിവാരണ പദ്ധതി രൂപീകരണം , അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ.

(ഈ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ടോ എന്നും നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് <u>ഓഡിറ്റ് എൻക്വയറി നം.13/9-3-2021</u> നൽകിയിരുന്നു. തെരഞ്ഞെടുപ്പ് ചെലവു നിരീക്ഷണ ചുമതലകൾ കാരണം ഓഡിറ്റ് സമയം വെട്ടിച്ചുരുക്കിയതിനാൽ മറുപടി ലഭിച്ചിട്ടില്ല.)
വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 4.3.2021 മുതൽ 5.3.2021വരെ | കെ.എസ്.എ.എം.പി.എം.27/592/21 തിയതി-24-03-2021 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം-

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 100000 | പ്രോ.നം-16/20 പാലിയേറ്റീവ് കെയറിന് മരുന്ന് വാങ്ങൽ | 0 | 100000 |
| | 200000 | പ്രോ.നം 06/20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ബില്ല്/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട് നമ്പർ.141/20നാറ്റുവെടി ഭാഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ത്രീ ഫേസ് ലൈൻ വലിക്കൽ | 15/19.9.2019 | 131963 | 0 | ഇല്ല | 131963 |

### 4-4 മൊബിലൈസേഷൻ നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം | വായ്പയുടെ ഉദ്ദേശം | ഉത്തരവ് നം/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം തിരിച്ചടച്ചത് | | ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 800000 | 1997360 | 352941 | | 244419 |

## 4-6 സ്ഥിര നിക്ഷേപത്തിന്റെ വിവരം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2484049 |
| തൻവർഷം നിക്ഷേപിച്ച തുക | 228740 |
| ആകെ | 2712789 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2712789 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം (ബാങ്ക്) | തുക | രശീതി നം തിയതി. |
|---|---|---|
| വള്ളുവമ്പ്രം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് -Ltd-No.F-1564 (Fixed Deposit) | 2712789 | R3286/ 24-7-2019 |

## 4-7 ഓഡിറ്റ് റിക്കവറി

## ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ്റിപ്പോർട്ട് വർഷം/ ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2011-12 | | 08-09/ 3(8) | കൃഷി അവലോകനം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2014-15 | | 2011-12/ 3(1) | നിഷ്ക്രിയാസ്തി അവലോകനം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2016-17 | | 2014-15/ 2(3),2(1) | വസ്തു നികുതി/ തൊഴിൽ നികുതി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

| | | | | |
|---|---|---|---|---|
| 2016-17 | | 2015-16/ 2(2) | വസ്തു നികുതി/ തൊഴിൽ നികുതി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

## 4-9 സർചാർജജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | RR ലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| | | | | നമ്പറും തിയ്യതിയും | തുക | തുക | | | | | |
| 1 | 1998-99 | 57 (1)(2) | എ വി ചന്ദ്രൻ സെക്രട്ടറി | L.F2711/ Spl Cell/ SC5/04 Dtd.16.3.04 | 5941 | 5941 (70101/80/14.6.12) | - | - | - | 5941 | 0 |
| 2 | 2004-05 | 3(3) 3(6) 3(9) | പി ബൈജു രാജൻ സെക്രട്ടറി | L.F19757/ Spl Cell/ SC5/09 Dtd 22.7.11 | 21537 | 21537 33/ 22.8.14 | DCRG യിൽ നിന്നും തുക ഈടാക്കി | - | - | 21537 | 0 |
| 3 | 2000-01 | 35(2) 36(1)(2) 37(1)(2) 38(1)(2) 40 | ഒ. സുലൈമാൻ കുട്ടി എ.എ.ഇ | L.F19757/ Spl Cell/ SC5/04 Dtd.18.9.16 | 12121 | 12121 (5490/ 5,6,7, 8,9) | - | - | - | 12121 | 0 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 9,47,41,977 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,97,95,569 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,775 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,74,827 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 1 | | 5,775 | ആനിജ്.കെ വെറ്റിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 4,00,000 | ശ്രീ.ഹുസൈൻ.കെ , സെക്രട്ടറി |
| 1-24-1 | 1,31,963 | ശ്രീ.ഷിജു കുമാർ, സെക്രട്ടറി |
| 1-16 | 12,00,000 | ശ്രീ.വാസുദേവൻ,ഹെഡ് മാസ്റ്റർ |
| 1-17 | 47,500 | ശ്രീ.വാസുദേവൻ,ഹെഡ് മാസ്റ്റർ |
| 1-18 | 23,364 | ശ്രീ.വാസുദേവൻ,ഹെഡ് മാസ്റ്റർ സെക്രട്ടറി |
| 1-19 | 72,000 | ശ്രീ.വാസുദേവൻ,ഹെഡ് മാസ്റ്റർ |
| ആകെ | 18,74,827 | |
| | | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആനിജ്.കെ | വെറ്റിനറി സർജൻ ,പൂക്കോട്ടൂർ | കൊടക്കാട് ഹൗസ്.കാരക്കുന്ന്.പി.ഒ,676123 |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93<br>1993-94 | എൽ എഫ് എം/14/677/97 തീയതി.19.10.10 | 15 |
| 1994-95<br>1995-96 | എൽ എഫ് എം/14/450/01 തീയതി.19.10.10 | 12 |
| 1998-99 | എൽ എഫ് എം17/1330/03 തീയതി.19.10.10 | 28 |
| 1999-00 | എൽ എഫ് എം.17/68803 തീയതി.19.10.10 | 5 |
| 2000-01 | എൽ എഫ് എം17/377/04 തീയതി.19.10.10 | 36 |

| | | |
|---|---|---|
| 2001-02 | എൽ എഫ് എം171196/03 തീയതി.19.10.10 | 6 |
| 2002-03 | എൽ എഫ് എം17/1732/04 തീയതി.19.10.10 | 11 |
| 2003-04 | എൽ എഫ് എം17/2074/06 തീയതി.19.10.10 | 23 |
| 2004-05 | എൽ എഫ് എം10/932/09 തീയതി.19.10.10 | 21 |
| 2005-06 | കെഎസ്എഎംപിഎം11/1993/10 തീയതി.31.10.15 | 25 |
| 2006-07 | എൽ എഫ് എം10/443/09 തീയതി.19.10.10 | 47 |
| 2007-08 | കെഎസ്എഎംപിഎം10/249/11 തീയതി.2.7.12 | 9 |
| 2008-09 | എൽ എഫ് എം10/2493/11 തീയതി.2.7.12 | 12 |
| 2009-10<br>2010-11 | എൽ എഫ് എം11/1611/13 തീയതി.10.4.14 | 23 |
| 2011-12 | കെ.എസ്.എ.എം.പി.എം11/356/14 തീയതി.22.9.15 | 16 |
| 2012-13 | കെ എസ് എ എം പി എം27/2356/16 തീയതി.3.1.18 | 10 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം27/2150/18 തീയതി.07.09.18 | 13 |
| 2015-16 | കെ.എസ്.എ.എം.പിഎം27/3008/16 തീയതി.6.2.17 | 14 |
| 2016-17 | കെ എസ് എ എം പി എം27/2012/17 തീയതി.07.07.18 | 13 |
| 2017-18 | കെ എസ് എ എം പി എം27/1933/2018 തീയതി.30.07.19 | 9 |
| 2018-19 | കെ എസ് എ എം പി എം27/2573/2019തീയതി.5.12.2019 | 16 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.3/2021

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പൂക്കോട്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്